# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 30

# വാർത്താക്കുറിപ്പ്

---

## പരീക്ഷ ഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.കോം(മോഡൽ 1,2,3-2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 15 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/934/2020)

## കൗൺസിലിങ് വൈദഗ്ധ്യത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ് മനശാസ്ത്ര കൗൺസിലിങ് വൈദഗ്ധ്യത്തിൽ 15 ദിവസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. മനശാസ്ത്ര കൗൺസിലിങ്, നടപടിക്രമം, കൗൺസിലിങ് വൈദഗ്ധ്യം, ഏതൊക്കെ മേഖലകളിൽ കൗൺസിലിങ് നൽകണം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കും. താൽപര്യമുള്ളവർ iucdswwebinar@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 9995582671.

(പി.ആർ.ഒ/39/935/2020)

## എം.ബി.എ. സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. പ്രോഗ്രാമിൽ എസ്.സി, എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. ബാച്ചിലർ ബിരുദം നേടിയ യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ അഞ്ചിന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ എത്തണം. സീ മാറ്റ്, ക്യാറ്റ്, കെ മാറ്റ് പരീക്ഷകളിൽ അംഗീകൃത സ്കോർ നേടിയവർക്ക് മുൻഗണന. ഫോൺ: 0481 2732288.

(പി.ആർ.ഒ/39/936/2020)

## രാജ്യാന്തര ബധിര വാരാചരണം സമാപിച്ചു

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേർണിംഗ് ഡിസബിലിറ്റീസ്, ഡിപ്പാർട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജ്, ബ്രയിൽ റിസർച്ച് സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച രാജ്യാന്തര ബധിര വാരാചരണം സമാപിച്ചു.

ഓൺലൈൻ ബോധവൽക്കരണം, പോസ്റ്ററിങ്, വെബിനാർ, പുസ്തക പ്രകാശനം എന്നീ പരിപാടികളാണ് വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചത്. വാരാചരണതോടനുബന്ധിച്ച ഡോ. കെ.എം. മുസ്തഫ എഴുതിയ 'സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനവും ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശങ്ങളും' എന്ന പുസ്തകം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പബ്ലിക് റിലേഷൻസ് ഓഫീസർ എ. അരുൺ കുമാറിനു നൽകി പ്രകാശനം ചെയ്തു.

### ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിൽ രാജ്യാന്തര ബധിര വാരാചരണതോടനുബന്ധിച്ച അധ്യാപകനായ ഡോ. കെ.എം. മുസ്തഫ എഴുതിയ 'സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനവും ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശങ്ങളും' എന്ന പുസ്തകം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പബ്ലിക് റിലേഷൻസ് ഓഫീസർ എ. അരുൺ കുമാറിനു നൽകി പ്രകാശനം ചെയ്യുന്നു.**

(പി.ആർ.ഒ/39/937/2020)

## കോളജുകൾ വിവരങ്ങൾ നൽകണം

മഹാത്മാഗാന്ധി സർവകലാശാല നടത്തിയ യു.ജി., പി.ജി. പരീക്ഷകൾ കോവിഡ്- 19 വ്യാപനത്തെത്തുടർന്ന് എഴുതാൻ സാധിക്കാതെ പോയ വിദ്യാർഥികളുടെ പട്ടിക അതത് കോളജ് പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറുടെ ഇ-മെയിൽ വിലാസത്തിലേക്ക് ഒക്ടോബർ അഞ്ചിനകം അയച്ചുനൽകണമെന്ന് പരീക്ഷ കൺട്രോളർ അറിയിച്ചു.

(പി.ആർ.ഒ/39/938/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ